ശ്രീ. കെ.എ. ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന വൈദ്യുതി ബോർഡ് 33 കെ.വി. ട്രാൻസ്മിഷൻ ലൈനുകൾ നിർമ്മിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) എങ്കിൽ അതുകൊണ്ടുള്ള പ്രയോജനം എന്തെല്ലാമാണ്;

(സി) മറ്റു സംസ്ഥാനങ്ങൾ 800 കെ.വി. ലൈനുകളും 1000 കെ.വി. ലൈനുകളും നിർമ്മിക്കാൻ പദ്ധതിയിട്ടതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉത്തരം

(എ) ഉണ്ട്.

(ബി) 33 കെ.വി. സബ് ട്രാൻസ്മിഷൻ ലൈനുകളും, സബ്സ്റ്റേഷനുകളും പ്രാവർത്തികമാകുന്നതോടെ സംസ്ഥാനത്തിന്റെ പല ഭാഗത്തും ഇന്നനുഭവപ്പെടുന്ന വോൾട്ടേജ് ക്ഷാമം വലിയൊരളവുവരെ പരിഹരിക്കപ്പെടുന്നതാണ്. കൂടാതെ പ്രസരണ-വിതരണ നഷ്ടം കുറയ്ക്കുവാൻ സഹായിക്കുകയും ചെയ്യും.

(സി) ഇല്ല.

60 (1907) കാറ്റിൽ നിന്നും വൈദ്യുതി

ശ്രീ. പി.പി. സുലൈമാൻ റാവുത്തർ :

ശ്രീ. കെ.ടി കുഞ്ഞഹമ്മദ്: താഴെ കാണുന്ന ചോദ്യത്തിന് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

വൈദ്യുതിയുടെ കാര്യത്തിൽ സംസ്ഥാനം എന്നത്തേക്ക് സ്വയം പര്യാപ്തത കൈവരിക്കുമെന്നും എന്നത്തേക്ക് മിച്ച സംസ്ഥാനമാകുമെന്നും തിട്ടപ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ?

ഉത്തരം

രണ്ടായിരാമാണ്ടോടെ വൈദ്യുതിയുടെ കാര്യത്തിൽ നമ്മുടെ സംസ്ഥാനം സ്വയംപര്യാപ്തത കൈവരിക്കുമെന്നും, വൈദ്യുതി മിച്ച സംസ്ഥാനമാകുമെന്നും സർക്കാരിന്റെ വൈദ്യുതി നയത്തിൽ വിവക്ഷിച്ചിട്ടുണ്ട്.

61 (1909) വിദേശ പര്യടനം

ശ്രീ. പി.ജെ. ജോയി :

ശ്രീ. കെ. മുഹമ്മദാലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈദ്യുതി നിരക്കിനെപ്പറ്റി പഠിക്കുന്നതിന് കാനഡയിലേക്ക് അയച്ചത് ആരെയെല്ലാം;

(ബി) ആരുടെയെല്ലാം വിദേശ സഞ്ചാരത്തിനാണ് ധനകാര്യവകുപ്പ് അനുമതി നൽകിയത്;

(സി) കാനഡയിൽ നിന്ന് എന്തെല്ലാം കാര്യങ്ങൾ പഠിക്കുവാനാണ് ഇവരെ നിയോഗിച്ചതെന്ന് വ്യക്തമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly